# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2883 17.10.2016-ൽ മറുപടിയ്ക്ക്

## കോഴിക്കോട്, തിരുവനന്തപുരം ദന്തൽ കോളേജുകളിൽ അനുവദിച്ച ഡി.ഒ.ആർ.എ. കോഴ്സ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട്, തിരുവനന്തപുരം എന്നീ ദന്തൽ കോളേജുകളിൽ അനുവദിച്ച ഡി.ഒ.ആർ.എ (ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ്) കോഴ്സിന് ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സിന് ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല |
| (ബി) | കോഴ്സിന് അംഗീകാരമുള്ളതായി സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ : | (ബി) | ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സ് ആരംഭിക്കുന്നതിന് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അനുമതി നൽകിയതായി സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ട്. |
| (സി) | ഈ കോഴ്സ് പൂർത്തീകരിച്ചവർക്ക് കേരള ദന്തൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;വിശദമാക്കാമോ; | (സി) | നിലവിൽ ചില ഭേദഗതികൾ വരുത്തിയാൽ മാത്രമേ ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് കോഴ്സ് രജിസ്റ്റർ ചെയ്യാൻ സാദ്ധ്യമാവുകയുള്ളൂ എന്ന് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |
| (ഡി) | രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതിനാൽ കോഴ്സ് പാസായ വിദ്യാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരമാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം ഉന്നയിച്ച് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ റെഗുലേഷനിൽ ആവശ്യമായ ഭേദഗതികൾ വരുത്തി രജിസ്ട്രേഷൻ നൽകാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ച് വരുന്നതായി ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ